# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7156 16/07/2012-ലെ മറുപടിക്ക്

### വെച്ചൂച്ചിറയിൽ സർക്കാർ ആർട്സ് & സയൻസ് കോളേജ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. പി.കെ. അബ്ദുറബ്ബ്, ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി. |
| എ) | കേരളത്തിൽ സർക്കാർ ട്രെയിനിംഗ് കോളേജുകളോ, ആർട്സ് & സയൻസ് കോളേജുകളോ ഇല്ലാത്ത ജില്ലകൾ ഏതൊക്കെയാണ്; | എ) കേരളത്തിലെ കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ സർക്കാർ ട്രെയിനിംഗ് കോളേജുകൾ ഇല്ല. സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജില്ലാത്ത ഏക ജില്ല പത്തനംതിട്ടയാണ്. |
| ബി) | എല്ലാ ജില്ലകളിലും സർക്കാർ കോളേജ് എന്ന നയമനുസരിച്ച് പ്രസ്തുത ജില്ലകളിൽ സർക്കാർ കോളേജുകൾ അനുവദിക്കാതിരുന്നത് എന്തുകൊണ്ട് എന്ന് വിശദമാക്കാമോ; | ബി) സർക്കാരിന്റെ സാമ്പത്തിക പരിമിതി കണക്കിലെടുത്തുകൊണ്ട് മാത്രമേ സർക്കാർ മേഖലയിൽ പുതിയ കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയൂ. |
| സി) | പിന്നോക്ക മലയോര ജില്ലയായ പത്തനംതിട്ടയിൽ സർക്കാർ ആർട്സ് & സയൻസ് കോളേജോ, ട്രെയിനിംഗ് കോളേജോ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ഉണ്ട്. |
| ഡി) | കോട്ടയം, പത്തനംതിട്ട ജില്ലകളിലെ മലയോര മേഖലയിലെ വിദ്യാർത്ഥികൾ ഉന്നത പഠനാർത്ഥം കിലോമീറ്ററുകൾ താണ്ടേണ്ട അവസ്ഥയുള്ളതിനാലും, വെച്ചൂച്ചിറയിലെ വിമുക്തഭട കോളനി സൊസൈറ്റി കോളേജിനാവശ്യമായ സ്ഥലം സൌജന്യമായി സർക്കാരിന് ലഭ്യമാക്കാമെന്ന സമ്മതപത്രം നേരത്തേ തന്നെ നൽകിയിട്ടുള്ളതിനാലും വെച്ചൂച്ചിറ കേന്ദ്രീകരിച്ച് സർക്കാർ ആർട്സ് & സയൻസ് കോളേജ് ഈ സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ? | ഡി) തസ്തിക സൃഷ്ടിക്കൽ തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന്റെ സാമ്പത്തിക പരിമിതി കണക്കിലെടുത്തുകൊണ്ട് മാത്രമേ സർക്കാർ മേഖലയിൽ പുതിയ കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണിയ്ക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ